പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3411** 12/12/2014-ൽ മറുപടിയ്ക്ക്

**"നഗരപ്രദേശങ്ങളിലെ അനധികൃത അറവുശാലകൾ"**

| ചോദ്യം<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നഗര പ്രദേശങ്ങളിൽ അനധികൃത അറവുശാലകൾ വർദ്ധിച്ചു വരുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | അനധികൃത അറവുശാലകൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാനും അവ കണ്ടെത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നഗര പ്രദേശങ്ങളിലെ അനധികൃത അറവുശാലകളിൽ അസുഖം വന്ന് ചത്ത അറവുമാടുകളെയും രോഗം ബാധിച്ച അറവുമാടുകളെയും മാംസാവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടും സർക്കാർതലത്തിൽ ഒരു നടപടിയും കൈക്കൊള്ളുന്നില്ല എന്ന ആക്ഷേപം കണക്കിലെടുത്തിട്ടുണ്ടോ | (ബി) | അനധികൃത അറവുശാലകൾ നടത്തുന്നവർക്കെതിരെ നടപടി എടുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും, മൃഗസംരക്ഷണ വകുപ്പും ഫുഡ് സേഫ്റ്റി കമ്മീഷണറും വഴിയാണ്. അനധികൃത അറവുശാലകൾക്കെതിരെ നടപടി മുകളിൽപ്പറഞ്ഞ ഏജൻസികൾ കൈക്കൊണ്ടു വരുന്നുണ്ട്. ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനു വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും നഗരസഭകൾക്ക് സർക്കാർ നൽകുന്നുണ്ട്. കശാപ്പിന് മുമ്പായി മൃഗങ്ങളുടെ പരിശോധനയ്ക്കും വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും പരിശോധന കൂടാതെ എത്തിക്കുന്ന രോഗബാധിത അറവുമാടുകളെ കശാപ്പു ചെയ്യുന്നതിന് മുമ്പ് ആരോഗ്യ പരിശോധന നടത്തുകയോ (കശാപ്പിനുശേഷം വലിച്ചെറിയുന്ന മാലിന്യങ്ങൾ രോഗം പരത്തുന്നതിനു മുമ്പ് സംസ്ക്കരിക്കുന്നതിനുള്ള നടപടിയോ കൈക്കൊണ്ടിട്ടുണ്ടോ) വിശദമാക്കാമോ ? | (സി) | ഉണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കശാപ്പ് മൃഗങ്ങളുടെ പരിശോധനയ്ക്ക് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2012 ലെ കേരള നഗരപാലിക നിയമ പ്രകാരം മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതു പ്രകാരം മാലിന്യങ്ങൾപൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ